# നെഹ്റു ട്രോഫി വഞ്ചിപ്പാട്ട് മത്സരം നടത്തി

64-ാമത് നെഹ്റുട്രോഫി ജലോത്സവത്തിന് മുന്നോടിയായുള്ള വഞ്ചിപ്പാട്ട് മത്സരം ആലപ്പുഴ നഗരചത്വരത്തിൽ രഘു മുളമുറ്റം നഗറിൽ നടന്നു. സമ്മേളനവും മത്സരവും മുൻ എം.എൽ.എ. സി.കെ. സദാശിവൻ ഉദ്ഘാടനം ചെയ്തു.

നഗരസഭാ ചെയർമാൻ തോമസ് ജോസഫ് ആധ്യക്ഷ്യം വഹിച്ചു. എൻ.ടി.ബി.ആർ. ഇൻഫ്രാസ്ട്രെക്ചർ കമ്മിറ്റി കൺവീനർ ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ ആർ. രേഖ, നഗരസഭാംഗം ഡി. ലക്ഷ്മണൻ, നഗരസഭാംഗം ബി. മെഹബൂബ്, എസ്.എം. ഇക്ബാൽ, ജോസ് കാവനാട്, തങ്കച്ചൻ പാട്ടത്തിൽ, സണ്ണി, റജി ജോബ്, പി.കെ. വിജയൻ, കെ.ടി. ബേബി, എം.വി. ഹൽത്താഫ് എന്നിവർ പ്രസംഗിച്ചു. തുടർന്ന് വിവിധ ശൈലികളിൽ വിദ്യാർഥികൾക്കും വനിതകൾക്കും പുരുഷൻമാർക്കുമായി വഞ്ചിപ്പാട്ട് മത്സരം നടന്നു.

വൈകിട്ട് നടന്ന സമാപന സമ്മേളനത്തിൽ വിജയികൾക്ക് ട്രോഫികൾ വിതരണം ചെയ്തു. നഗരസഭാംഗം ഡി. ലക്ഷ്മണൻ ആധ്യക്ഷ്യം വഹിച്ച സമാപന സമ്മേളനം എ.എം. ആരിഫ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. മുനിസിപ്പൽ ചെയർമാൻ തോമസ് ജോസഫ് ട്രോഫികൾ വിതരണം ചെയ്തു. കെ. മോഹൻലാൽ, പി. രാജു, കെ.എം. അഷറഫ്, എ.വി.മുരളി, എം.വി. ഹൽത്താഫ്, ടോമിച്ചൻ ആന്റണി, മുക്കം ബേബി എന്നിവർ പ്രസംഗിച്ചു.

## വഞ്ചിപ്പാട്ട് മത്സരം വിജയികൾ

**കുട്ടനാട് ശൈലി(ജൂനിയർ വിദ്യാർഥിനികൾ- യഥാക്രമം ഒന്ന് ,രണ്ട്, മൂന്ന് സ്ഥാനം എന്ന ക്രമത്തിൽ)**: കായംകുളം കണ്ണംപള്ളി ഭാഗം എൻ.ആർ.പി.എം.എച്ച്.എസ്.എസ്, തത്തംപള്ളി സെന്റ് മൈക്കിൾസ് എച്ച്.എസ്.എസ്, ആര്യാട ഗവൺമെന്റ് വി.എച്ച്.എസ്.എസ്.

**കുട്ടനാട് ശൈലി(ജൂനിയർ വിദ്യാർഥികൾ)**: ചമ്പക്കുളം സെന്റ് മേരീസ് എച്ച്.എസ്.എസ്., തത്തംപള്ളി സെന്റ് മൈക്കിൾസ് ഹൈസ്കൂൾ, കുട്ടമംഗലം എസ്.എൻ.ഡി.പി. എച്ച്.എസ്.എസ്.

**കുട്ടനാട് ശൈലി(സീനിയർ വിദ്യാർഥികൾ)**: ഒന്നാം സ്ഥാനം കുട്ടമംഗലം എസ്.എൻ.ഡി.പി.എച്ച്.എസ്.എസ്, രണ്ടാം സ്ഥാനം കായംകുളം എൻ.ആർ.പി.എം. എച്ച്.എസ്.എസ്.

**കുട്ടനാട് ശൈലി(സീനിയർ വിദ്യാർഥിനികൾ)**: പ്രോത്സാഹന സമ്മാനം കായംകുളം എൻ.ആർ.പി.എം. എച്ച്.എസ്.എസ്.

**വെച്ച്പാട്ട് ശൈലി (വനിത-യഥാക്രമം ഒന്ന്,രണ്ട്, മൂന്ന് സ്ഥാനം എന്ന ക്രമത്തിൽ):** നവഭാവന വഞ്ചിപ്പാട്ട് സംഘം, നീർക്കുന്നം വിളിപ്പുറം വഞ്ചിപ്പാട്ട് സംഘം, സെവൻസ്റ്റാർ വഞ്ചിപ്പാട്ട് സംഘം.

**വെച്ച്പാട്ട് ശൈലി(പുരുഷൻമാർ):** അമ്പലപ്പുഴ ശ്രീദുർഗ വഞ്ചിപ്പാട്ട് സംഘം, തത്തംപള്ളി പയനിയർ ഗ്രന്ഥശാല, ഫോക്കസ് വഞ്ചിപ്പാട്ട് സംഘം.

**ആറൻമുള ശൈലി(പുരുഷൻമാർ):** ശ്രീപാർത്ഥസാരഥി വഞ്ചിപ്പാട്ട്സംഘം, ഫ്രണ്ട്സ് ആർട്ട്സ് ക്ലബ്ബ്, പള്ളാത്തുരുത്തി ശ്രീ വഞ്ചിനാട് ബ്രദേഴ്സ്.

**കുട്ടനാട് ശൈലി(വനിത):** സെവൻ സ്റ്റാർ വഞ്ചിപ്പാട്ട് സംഘം, നെടുമുടി ബ്രദേഴ്സ് വഞ്ചിപ്പാട്ട് സംഘം, നവഭാവന വഞ്ചിപ്പാട്ട് സംഘം.

**കുട്ടനാട് ശൈലി(പുരുഷൻമാർ):** കിടങ്ങറ വഞ്ചിപ്പാട്ട് സംഘം, അമ്പലപ്പുഴ ശ്രീ ദുർഗ വഞ്ചിപ്പാട്ട് സംഘം, അമ്പലപ്പുഴ വിളിപ്പുറം വഞ്ചിപ്പാട്ട് സംഘവും പൊങ്ങ യുണൈറ്റഡ് ബോട്ട് ക്ലബ്ബും

(പി.എൻ.എ. 1460/16)